KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരളം, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, **www.ksfe.com**

റഫ.നമ്പർ : 3025/Plg

തിയ്യതി : 09.10.2023

## **സർക്കുലർ നമ്പർ 45/2023 (BD)**

വിഷയം: 2023-24 സാമ്പത്തിക വർഷത്തിലെ രണ്ടാം ഘട്ടത്തിൽ പുതിയ ചിട്ടി പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച്.

സൂചന : 28.09.2023 ൽ നടന്ന 573-ാമത് ബോർഡ് യോഗത്തിലെ 10052-ാം നമ്പർ തീരുമാനം.

ഈ സാമ്പത്തിക വർഷം (2023-24) സ്ഥാപനം ലക്ഷ്യമിട്ടിരിക്കുന്ന ചിട്ടി ബിസിനസ് **957** കോടി രൂപയാണ്. ഇതിന്റെ ആദ്യഘട്ടമെന്നനിലയിൽ 2023 സെപ്റ്റംബർ 30 ന് അവസാനിക്കുന്ന വിധത്തിൽ കെ.എസ്.എഫ്.ഇ. ഡയമണ്ട് ചിട്ടി പദ്ധതി നടപ്പിലാക്കുകയും അതുവഴി ഡൊമസ്റ്റിക് ചിട്ടിയിലൂടെ 502.45 കോടി രൂപയുടെയും പ്രവാസി ചിട്ടിയിലൂടെ 27.94 കോടി രൂപയുടെയും ബിസിനസ്സ് നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ ചിട്ടിയുടെ വാർഷിക ബിസിനസ്സ് ലക്ഷ്യം കൈവരിക്കുവാൻ സഹായകമാകുന്ന രീതിയിൽ ആകർഷകമായ സമ്മാന പദ്ധതികൾ ഉൾപ്പെടുത്തി **KSFE ഡയമണ്ട് ചിട്ടികൾ 2.0** (**KDC 2.0**) എന്ന പേരിൽ പുതിയൊരു ചിട്ടി ക്യാമ്പയിൻ ആരംഭിക്കുകയാണ്.

**KDC 2.0 ബിസിനസ്സ് ലക്ഷ്യം : 415 കോടി രൂപ**

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | **KSFE ഡയമണ്ട് ചിട്ടികൾ 2.0 ( KDC 2.0 )** |
| കാലയളവ് | : | **2024 ജനുവരി 31 വരെ** |
| നിവാസി ചിട്ടി ലക്ഷ്യം | : | **383 കോടി രൂപ** |
| പ്രവാസി ചിട്ടി ലക്ഷ്യം | : | **32 കോടി രൂപ** |

### **ബംപർ സമ്മാനങ്ങൾ**

| | | |
|---|---|---|
| **സംസ്ഥാനതലം** | : | **15 ലക്ഷം രൂപ വിലയുള്ള ഡയമണ്ട് ആഭരണങ്ങൾ**<br>അല്ലെങ്കിൽ<br>**15 ലക്ഷം രൂപ** (ഒരാൾക്ക്) |
| **മേഖലാതലം** | : | **ഓരോ മേഖലയിലും ഡിജിറ്റൽ ബിസിനസ്സ് സെന്ററിലും 2 പേർക്ക് വീതം 2,50,000/- രൂപ** വിലവരുന്ന **ഡയമണ്ട് ആഭരണങ്ങൾ**<br>അല്ലെങ്കിൽ **2,50,000/- രൂപ** |

### **ശാഖാതല സമ്മാനങ്ങൾ**

**ഓരോ 30 എൻറോൾമെന്റ് പൂർത്തിയാകുമ്പോഴും** ( വ്യത്യസ്ത ചിട്ടികളിലാണെങ്കിലും) **അതിൽ നിന്നും നറുക്കെടുപ്പിലൂടെ ഒരാൾക്ക് 3000/- രൂപയുടെ ഗിഫ്റ്റ് ചെക്ക്.**

ഈ പദ്ധതിയിൽ **1 കോടി രൂപയുടെ** വജ്രാഭരണങ്ങളും **3 കോടി രൂപയുടെ** ഗിഫ്റ്റ് ചെക്കും ഉൾപ്പെടെ ഏകദേശം **10035** പേർക്ക് സമ്മാനം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**KDC 2.0 ന്റെ വ്യവസ്ഥകൾ**

1. ചിട്ടിയിൽ 5% തവണകൾ അടച്ച് കഴിഞ്ഞാൽ തിരിച്ചടവ് ശേഷിക്കനുസരിച്ച് മതിയായ ജാമ്യം സ്വീകരിച്ചുകൊണ്ട് സലയുടെ 50% വരെ ചിട്ടി ലോൺ അനുവദിക്കാവുന്നതാണ്.
2. ഈ പദ്ധതി കാലയളവിനുള്ളിൽ ആരംഭിച്ച **KDC 2.0** ചിട്ടികളിൽ സബ്സ്റ്റിറ്റ്യൂഷനിലൂടെ ചേരുന്ന വരിക്കാരെ **KDC 2.0 ബംപർ സമ്മാന നറുക്കെടുപ്പിന് മാത്രം** പരിഗണിക്കുന്നതാണ്.
3. മുടക്കമില്ലാത്ത വരിക്കാരെ ഉൾപ്പെടുത്തിയായിരിക്കും ബംപർ സമ്മാന നറുക്കെടുപ്പ് നടത്തുക.
4. കെ.എസ്.എഫ്.ഇ.യിലെ സ്ഥിരം ജീവനക്കാരുടേയും ഏജന്റുമാരുടേയും അപ്രൈസർമാരുടേയും പേരിലുള്ള ചിട്ടികൾ സമ്മാനങ്ങൾക്ക് പരിഗണിക്കുന്നതല്ല.
5. ബംപർ സമ്മാനങ്ങൾക്ക് ബന്ധപ്പെട്ട നികുതി ബാധകമാണ്.
6. പ്രവാസി ചിട്ടിയുടേതുൾപ്പെടെ ബംപർ സമ്മാനങ്ങളുടെ നറുക്കെടുപ്പ് സംസ്ഥാനതലത്തിൽ ഹെഡ് ഓഫീസ് നേതൃത്വത്തിലായിരിക്കും നടത്തുന്നത്.
7. ഈ പദ്ധതി കാലയളവിനുള്ളിൽ തന്നെ എല്ലാ മേഖലാ തലവൻമാരും ശാഖാ തലവൻമാരും അവരവർക്ക് നൽകിയിട്ടുള്ള വാർഷിക ബിസിനസ്സ് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

**KDC 2.0 – ശാഖാതല സമ്മാന നറുക്കെടുപ്പിന്റെ നിബന്ധനകൾ**

1. Cash/ Online / Transfer/Cheque തുടങ്ങി ഏതു വിധേനയും ആദ്യ തവണ സംഖ്യ അടച്ച് ചിട്ടിയിൽ വരിക്കാരാകുന്ന ഓരോ 30 പേരെയും ഉൾപ്പെടുത്തി നറുക്കെടുപ്പിലൂടെ 3000/- രൂപയുടെ ഗിഫ്റ്റ് ചെക്ക് സമ്മാനമായി നൽകുന്നു. നറുക്കെടുപ്പും സമ്മാന ചെക്കു വിതരണവും ശാഖാ തലത്തിൽ തന്നെ നടത്തേണ്ടതുമാണ്.
2. ചെക്ക് മുഖേന ആദ്യ തവണ സംഖ്യ അടച്ച് ചിട്ടിയിൽ ചേരുന്ന വരിക്കാരെ ചെക്ക് Realize ചെയ്തതിനു ശേഷം മാത്രമേ സമ്മാന നറുക്കെടുപ്പിൽ പരിഗണിക്കേണ്ടതുള്ളൂ..
3. ഒരു വരിക്കാരൻ ഒന്നിലധികം ടിക്കറ്റുകൾ ഒരു ചിട്ടിയിൽ ചേർന്നാൽ അദ്ദേഹം അടച്ച മുഴുവൻ ടിക്കറ്റുകളും നറുക്കെടുപ്പിൽ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്,
4. ആദ്യമായി നറുക്കെടുപ്പ് നടത്തുമ്പോൾ ശാഖയിൽ 30.09.2023 വരെ രജിസ്റ്റർ ചെയ്യാത്ത ചിട്ടികളിലെ ആദ്യ തവണ സംഖ്യ അടച്ചിട്ടുള്ള മുഴുവൻ വരിക്കാരെയും തവണ സംഖ്യ അടച്ചതിന്റെ ക്രമത്തിൽ 30 പേരുടെ ഗ്രൂപ്പുകളായി തിരിച്ച് നറുക്കെടുപ്പ് നടത്തുകയും 30 ൽ താഴെ ബാക്കി വരുന്ന എണ്ണം ചിറ്റാളന്മാരെ അടുത്ത 30 പേരുടെ ഗണത്തിൽ ഉൾപ്പെടുത്തി നറുക്കെടുപ്പ് നടത്തേണ്ടതുമാണ്.
5. നറുക്കിന് അർഹത നേടുന്ന 30 പേർ തികയുന്ന മുറയ്ക്ക് കഴിവതും തൊട്ടടുത്ത ദിവസം തന്നെ സമ്മാന നറുക്കെടുപ്പ് നടത്തേണ്ടതാണ്. സമ്മാന വിതരണത്തിന് അസാധാരണമായ കാലവിളംബം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.
6. പദ്ധതിയുടെ അവസാനഘട്ടത്തിൽ ശാഖകളിൽ ഏതെങ്കിലും സാഹചര്യത്തിൽ 30 ചിറ്റാളന്മാരുടെ ഗണം പൂർത്തീകരിക്കപ്പെടാത്ത കാര്യത്തിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം യഥോചിതം അറിയിക്കുന്നതാണ്.
7. ഓരോ നറുക്കെടുപ്പിലും ഉൾപ്പെടുത്തുന്ന 30 ചിറ്റാളന്മാരുടെ പേരും ചിട്ടി നമ്പറും പണമടച്ച തിയ്യതിയും ടോക്കൺ നമ്പറും ശാഖാ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
8. സമ്മാനാർഹരുടെ പേരും മറ്റ് വിശദാംശങ്ങളും ശാഖയിലെത്തുന്ന ഇടപാടുകാർക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
9. Account Payee Cheque/RTGS മുഖേനയോ സുഗമ /ചിട്ടി / വായ്പ എന്നിവയിലേയ്ക്കോ, സമ്മാനത്തുക വരിക്കാരന്റെ ആവശ്യാനുസരണം നൽകാവുന്നതാണ്. ഇങ്ങനെ ഏതു വിധേന സമ്മാനം നൽകിയാലും ചെക്ക് രൂപത്തിൽ സമ്മാനം നൽകുന്നതിന്റെ ഫോട്ടോ എടുക്കുന്നതിനായി ഓരോ തവണയും ഉപയോഗിക്കാവുന്ന വിധത്തിൽ 3000/- രൂപയുടെ ചെക്കിന്റെ ഒരു മാതൃക (4'x2' size) ശാഖകൾ തയ്യാറാക്കി വെയ്ക്കേണ്ടതാണ്.

10. ശാഖകൾ ഓരോ 30 പേരുടെയും പേരു വിവരവും അവർക്ക് നൽകിയിട്ടുള്ള ടോക്കൺ നമ്പറും താഴെ നൽകിയിട്ടുള്ള format ൽ തയ്യാറാക്കി, സമ്മാനം ലഭിച്ച നമ്പർ പ്രത്യേകം അടയാളപ്പെടുത്തി, ടോക്കൺ എടുത്ത ആളുടെ ഒപ്പ സഹിതം ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഇതിൽ തന്നെ സമ്മാനം സ്വീകരിക്കുന്ന കസ്റ്റമറുടെ ഒപ്പും ഗിഫ്റ്റ് ചെക്ക് നൽകിയതിന്റെ വിശദ വിവരങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്.

**Date of Draw:**

| Sl.No. | Temp Chitty No. | Chittal No. | Name of subscriber | 1st Inst. Remitted/ Realized date | Subscription Amount | Token No. | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

11. ഡിജിറ്റൽ ബിസിനസ്സ് സെന്റർ പ്രവാസി ചിട്ടികളിലും മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അനുയോജ്യമായ രീതിയിൽ ഗിഫ്റ്റ് ചെക്ക് സമ്മാനങ്ങൾക്കായുള്ള നറുക്കെടുപ്പ് നടത്തേണ്ടതാണ്.

12. Sales promotion & Publicity A/c (0289) ൽ സമ്മാനത്തുക വകയിരുത്തേണ്ടതാണ്.

13. സമ്മാനം വിതരണം ചെയ്തതിന്റെ വിശദ വിവരങ്ങൾ താഴെ പറയുന്ന ഫോർമാറ്റിൽ എല്ലാ ആഴ്ചയും അവസാന പ്രവർത്തി ദിവസം മേഖലാ ഓഫീസിലേയ്ക്ക് നൽകേണ്ടതാണ്. ഇതിനായി ഒരു ഗൂഗിൾ ഷീറ്റ് HO തലത്തിൽ തയ്യാറാക്കി ശാഖകളിലേയ്ക്ക് നൽകുന്നതാണ്.

| Sl. No. | Date | Region | Branch Name | Branch Code | No. of draw | Total amount disbursed |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

ശാഖകൾക്ക് നൽകിയിട്ടുള്ള വാർഷിക ചിട്ടി ലക്ഷ്യത്തേക്കാൾ **അധികം ചിട്ടി ബിസിനസ്സ്** KDC 2.0 **പദ്ധതി കാലയളവിനുള്ളിൽ** ചെയ്യുന്ന മേഖലകൾക്കും, ശാഖകൾക്കും **പ്രത്യേക സമ്മാനം** ഉണ്ടായിരിക്കുന്നതാണ്. അതിന്റെ വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. KDC 2.0 പദ്ധതിയുടെ പരസ്യ പ്രചരണത്തിനുള്ള നോട്ടീസിന്റേയും ബാനറിന്റേയും മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

**KDC 2.0** പദ്ധതിയിൽ ഓരോ ചിട്ടികളിലും പകുതി എണ്ണമെങ്കിലും പുതിയ വരിക്കാരെ ചേർക്കുന്നതിന് ഊന്നൽ നൽകേണ്ടതാണ്. ഈ വിധം പുതിയ ഇടപാടുകാരുടെ എണ്ണവും വൈവിധ്യവും ഉറപ്പാക്കുന്നതിന് നാം ബാധ്യസ്ഥമാണെന്ന് അറിയിക്കുന്നു. **KDC 2.0 പദ്ധതി** സമൂഹത്തിലെ എല്ലാ തലത്തിലുമുള്ള ജനങ്ങളിലേയ്ക്കെത്തിച്ച് സമയബന്ധിതമായി വാർഷിക ലക്ഷ്യം നേടിയെടുക്കുന്നതിന് ഏവരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ